**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851** **06-02-2023 - ൽ മറുപടിയ്ക്ക്**

**ട്രേസ് പദ്ധതിയുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കൾക്കായി ആവിഷ്കരിച്ച ട്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.<br><br>നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും, 2400 പേർക്ക് പ്രമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിന് പുറമേ; നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ